മൽസ്യത്തൊഴിലാളി ക്ഷേമനിധി

753. [1241] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് നാളിതുവരെ എന്ത് തുക സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഉംനാടൻ മത്സ്യത്തൊഴിലാളികളെ ക്ഷേമനിധിയിൽ ചേർക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണ് ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് 30-9-1986 വരെ 9,55,914 രൂപ 50 പൈസ സമാഹരിച്ചിട്ടുണ്ട്. അതിനുശേഷം സമാഹരിച്ച തുകയുടെ കണക്ക് ലഭ്യമായിട്ടില്ല.

(ബി) 1980-ലെ മൽസ്യത്തൊഴിലാളി ക്ഷേമസംഘം ആക്ട് പ്രകാരം നിർവ്വഹിച്ചിട്ടുള്ള 'മൽസ്യത്തൊഴിലാളി ആയിരിക്കണം എന്നതാണ് മാനദണ്ഡം.

ഏകീകൃത ഫിഷറീസ് നിയമം

754. [1242] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തെ പൊതുവേ ബാധിക്കുന്ന ഒരു ഏകീകൃത ഫിഷറീസ് നിയമം ഉണ്ടാക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകീകൃത ഫിഷറീസ് നിയമത്തിന്റെ കരട് നിയമവകുപ്പിന്റെ പരിശോധനയിലാണ്.

മാപ്പിളാബേ ഫിഷിംഗ് ഹാർബർ

755. [1243] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ മാപ്പിളാബേ ഫിഷിംഗ് ഹാർബർ പ്രവർത്തനം സ്തംഭനാവസ്ഥയിൽ ആണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനം സ്തംഭിക്കാൻ ഇടയായ സാഹചര്യങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതി നടത്തിപ്പിനായി കേന്ദ്രസർക്കാരിനെ സമീപിച്ചിരുന്നുവോ ;

(ഡി) കേന്ദ്രത്തിൽ നിന്നും ഈ കാര്യത്തിൽ എന്തെങ്കിലും റിപ്പോർട്ട് ചോദിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് ;

(എഫ്) മത്സ്യബന്ധന മേഖലയിൽ വന്നിച്ച മാറ്റം വരുത്താൻ ഇടയുള്ള ഈ പദ്ധതി ത്വരിതഗതിയിൽ പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയുടെ പ്രവർത്തനം ഇൻഡോ നോർവീജിയൻ പ്രോജക്ടിന്റെ സഹായത്തോടും സാങ്കേതിക ഉപദേശത്തിലും 1963-ൽ ആണ് ആരംഭിച്ചത്. ഈ പദ്ധതിയുടെ ആയിരം അടി നീളത്തിൽ ബ്രേക്ക്വാട്ടർ കെട്ടേണ്ടതിൽ 800 അടി പൂർത്തിയായപ്പോഴും ഹാർബർ ബെയിസിൽ വർദ്ധിച്ച മണൽക്കയറ്റം ഉണ്ടായതിനാൽ 1969-ൽ നിർത്തിവച്ചു. ഈ വിവരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോഴും ബ്ലാക്കിയുള്ള ജോലികളും വിശദമായ മാതൃകാപഠനം നടത്തിയതിനു ശേഷം മാത്രം മതിയെന്ന് അവർ അഭിപ്രായം രേഖപ്പെടുത്തിയതനുസരിച്ച് ശേഖരിച്ച വിവരങ്ങളും മാതൃകാപഠനത്തിനായി പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് അയച്ചുകൊടുത്ത് 1985 ജൂണിൽ ലഭിച്ച മാതൃകാ പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചതനുസരിച്ചുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കയാണ്. ഇക്കാരണങ്ങളാലാണ് പ്രസ്തുത പദ്ധതിയുടെ പണി സ്തംഭനത്തിലായത്.

(സി) സമീപിച്ചിരുന്നു.

(ഡി) ഉണ്ട്.

(ഇ) 'ബി' വിഭാഗത്തിനുള്ള മറുപടിയിൽ സൂചിപ്പിച്ചതുപോലെ. കേന്ദ്രസർക്കാർ നിർദ്ദേശമനുസരിച്ച പദ്ധതിയുടെ വിശദമായ മാതൃകാപഠനം നടത്തുകയും 1985 ജൂണിൽ ലഭിച്ച മാതൃകാ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപരേഖ തയ്യാറാക്കി വരികയുമാണ്.

(എഫ്) ഉണ്ട്.

(ജി) പ്രസ്തുത ഹാർബറിനുവേണ്ടി 17-6-1985-ൽ ലഭിച്ച മാതൃകാ പഠന റിപ്പോർട്ടിൽ ചുവടെ ചേർക്കുന്ന പണികളും ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

1. 130 മീറ്റർ നീളത്തിൽ മെയിൻ ബ്രേക്ക് വാട്ടർ ദീർഘിപ്പിക്കൽ.
2. ലീവേർഡ് ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം
3. തിരമാലകളും വഹിക്കുന്ന മണൽ നിക്ഷേപിക്കപ്പെടാനും അവിടെനിന്നും ഇവ ഡ്രഡ്ജ് ചെയ്ത് നീക്കപ്പെടാനും ഉതകുന്ന സിൽറ്റ് ട്രാപ്പിന്റെ നിർമ്മാണം.

ഇവയെല്ലാം ചെയ്യുന്നതിനുള്ള പദ്ധതിയുടെ രൂപരേഖ വേഗത്തിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഹാർബറിന്റെ പ്രവേശനത്തിൽ ബോട്ടുകൾക്കുള്ള സ്ഥിതി, തിരമാലകളുടെ സ്വഭാവം തുടങ്ങിയ ചില കാര്യങ്ങളും കൂടി മാതൃകാപഠനത്തിന് വിധേയമാക്കാൻ റിസർച്ച് സ്റ്റേഷനോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്.

മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ

756. [1244] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മീൻ വളർത്തൽ കേന്ദ്രങ്ങൾ ഏതെല്ലാം ;

(ബി) മീൻ കുഞ്ഞുങ്ങളെ വിരിയിക്കുന്ന കേന്ദ്രങ്ങൾ എവിടെയെല്ലാം ഉണ്ട് ;

(സി) മീൻ വളർത്തൽ കേന്ദ്രത്തിലേക്ക് എവിടെനിന്നെല്ലാം മീൻ കുഞ്ഞുങ്ങളെ എത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പുതിയ മീൻ വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly